## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം : 170    18.6.2012 ൽ മറുപടിയ്ക്ക്

### ദുരിതാശ്വാസ നിധി സ്വരൂപിക്കുന്നതും അനുവദിക്കുന്നതും സംബന്ധിച്ച വ്യവസ്ഥ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എസ്. രാജേന്ദ്രൻ<br>ശ്രീ. ഇ. പി. ജയരാജൻ<br>ശ്രീ. വി. ചെന്താമരാക്ഷൻ<br>ശ്രീ. ആർ. രാജേഷ് | ശ്രീ. ഉമ്മൻ ചാണ്ടി<br>(ബഹു. മുഖ്യമന്ത്രി) |
| (എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി സ്വരൂപിക്കുന്നതും അനുവദിക്കുന്നതും സംബന്ധിച്ച് നിലവിൽ എന്തെങ്കിലും വ്യവസ്ഥയുണ്ടോ ; | (എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ഫണ്ട് സമാഹരിക്കുന്നത് പ്രധാനമായും പൊതുജനങ്ങളിൽ നിന്നും, സ്ഥാപനങ്ങളിൽ നിന്നും അടിയന്തിര ഘട്ടത്തിൽ സർക്കാരിൽ നിന്നുമുള്ള സംഭാവന വഴിയാണ്. കേരളത്തിലെ സർക്കാർ ജീവനക്കാർ, അർദ്ധ സർക്കാർ ജീവനക്കാർ, ബാങ്ക്-ഇൻഷ്വറൻസ് മേഖലകളിലെ ജീവനക്കാർ, വിദേശ മലയാളികൾ, വിവിധ സർവ്വീസ് സംഘടനകൾ, വ്യവസായികൾ, കലാ സാഹിത്യ രംഗത്തുള്ളവർ എന്നീ സമസ്ത മേഖലകളിലുള്ളവർക്കും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവന നൽകാവുന്നതാണ്. ഈ സംഭാവനകൾക്ക് 1961 - ലെ ഇൻകം ടാക്സ് ആക്ടിലെ സെക്ഷൻ 80ജി(2) (111 എച്ച്.എഫ്) പ്രകാരം ഇൻകം ടാക്സിൽ 100% ഇളവ് അനുവദിച്ചിട്ടുണ്ട്.<br>മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി അനുവദിക്കുന്നത് സംബന്ധിച്ച് നിലനിൽക്കുന്ന വ്യവസ്ഥകൾ അനുബന്ധം(എ)ആയി ആയി ചേർക്കുന്നു. |
| (ബി) ജനസമ്പർക്ക പരിപാടിയിലൂടെ യാതൊരു മാനദണ്ഡവുമില്ലാതെ ഫണ്ട് അനുവദിച്ചു കൊണ്ട് ഉത്തരവ് നൽകുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതിന്മേൽ നിലപാട് വ്യക്തമാക്കുമോ ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | ഇത് ദുരിതാശ്വാസ നിധി സ്വരൂപിക്കുന്നതിനെ പ്രതികൂലമായി ബാധിക്കുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | ദുരിതാശ്വാസ നിധി അനുവദിക്കുന്നത് സുതാര്യവും ആക്ഷേപങ്ങൾക്കിടയില്ലാതെ മാനദണ്ഡങ്ങൾക്ക് അനുസൃതമാക്കാനും നടപടി സ്വീകരിക്കുമോ ? | (ഡി) | ദുരിതാശ്വാസ നിധി അനുവദിക്കുന്നത് സുതാര്യവും ആക്ഷേപങ്ങൾക്കിടയില്ലാതെ മാനദണ്ഡങ്ങൾക്ക് അനുസൃതവുമായിട്ടാണ്. |

Vanjan

സെക്ഷൻ ഓഫീസർ

## അനുബന്ധം (എ)

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നതിന് താഴെപ്പറയുന്ന വ്യവസ്ഥകൾ നിലനിൽക്കുന്നുണ്ട്.

1) അപേക്ഷകന്റെ വാർഷിക വരുമാന പരിധി 1,00,000/- രൂപയാക്കി നിജപ്പെടുത്തിയിരിക്കുന്നു.

2) ധനസഹായത്തിനായുള്ള അപേക്ഷയോടൊപ്പം സമർപ്പിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകൾ (മെഡിക്കൽ, റവന്യൂ മുതലായവ) ആറ് മാസത്തിൽ കവിയാത്തവയായിരിക്കണം.

3) ഒരു വ്യക്തിക്ക് ഒരു തവണ മാത്രമേ ഒരേ ആവശ്യത്തിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിക്കാറുള്ളൂ. എന്നാൽ കാൻസർ, വൃക്ക സംബന്ധമായ രോഗങ്ങളും, ഗുരുതരമായ മറ്റ് കേസുകളിലും പ്രത്യേക സാഹചര്യം പരിഗണിച്ച് ഒരിക്കൽ അനുവദിച്ചതാണെങ്കിലും രണ്ട് വർഷത്തിനു ശേഷം അപേക്ഷ പരിഗണിക്കാറുണ്ട്.

4) തിരിച്ചറിയൽ കാർഡും, റേഷൻ കാർഡും ആയതിന്റെ പകർപ്പുകളും ക്യാഷ് വിതരണത്തിനു മുൻപ് തഹസീൽദാർ മുൻപാകെ അപേക്ഷകൻ ഹാജരാക്കണം.

5) 2000/- രൂപ വരെ കളക്ടർമാർക്ക് അനുവദിക്കാവുന്നതാണ്. റവന്യൂ വകുപ്പ് മന്ത്രിക്ക് 5000/- രൂപ വരെയും ബഹു. മുഖ്യമന്ത്രിക്ക് 1,00,000/- രൂപ വരെയും ഈ നിധിയിൽ നിന്നും അനുവദിക്കാവുന്നതാണ്. 1,00,000/- രൂപയ്ക്ക് മുകളിൽ അനുവദിക്കുന്നതിന് മന്ത്രിസഭായോഗ തീരുമാനം ആവശ്യമാണ്.

6) അപകടമരണം സംഭവിച്ചവരുടെ ആശ്രിതർക്ക് ധനസഹായം അനുവദിക്കുന്നതിനായി അപേക്ഷയോടൊപ്പം ആവശ്യ രേഖകളായ വരുമാന സർട്ടിഫിക്കറ്റ്, എഫ്.ഐ.ആർ, പോസ്റ്റ്മോർട്ടം റിപ്പോർട്ട്, മരണ സർട്ടിഫിക്കറ്റ് എന്നിവയുടെ പകർപ്പുകൾ ഹാജരാക്കിയിരിക്കണം

സെക്ഷൻ ഓഫീസർ